2327
7/9/18

File No.DMA3/387/2018-DMD

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - പ്രളയക്കെടുതി 2018- രക്ഷാപ്രവർത്തനത്തിലേർപ്പെട്ട മത്സ്യബന്ധനയാനങ്ങൾ റിപ്പയർ ചെയ്യുന്നതിനുള്ള നടപടി - തുടർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.477/2018/DMD തീയതി,തിരുവനന്തപുരം, 04/09/2018

പരാമർശം:- 1)സ.ഉ(സാധാ)നം.459/2018/ഡി.എം.ഡി ., തീയതി 26.08.2018

2)ഫിഷറീസ് ഡയറക്ടറുടെ 28.08.2018-ലെ ഡി2. 13353/2018 നമ്പർ കത്ത് .

ഉത്തരവ്

സംസ്ഥാനം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രളയദുരന്തത്തിൽ രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന യാനങ്ങൾക്കുണ്ടായിട്ടുള്ള തകരാർ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അത് പ്രകാരം പ്രാദേശിക ബോട്ട് റിപ്പയറിംഗ് യാർഡുകളിൽ നിന്നും യാനങ്ങൾ റിപ്പയർ ചെയ്യുന്നതിനും യാനങ്ങളുടെ റിപ്പയർ പൂർത്തീകരിക്കുന്ന മുറയ്ക്ക് യാർഡുകളിൽ നിന്നുള്ള ഇൻവോയിസുകൾ ബന്ധപ്പെട്ട ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാർ അതത് ജില്ലാകളക്ടർമാർക്ക് സമർപ്പിക്കുന്നതിനും അത് പ്രകാരമുള്ള ബിൽതുക 2245-02-101-94 Flood -Other items എന്ന ശീർഷകത്തിൽ നിന്നും RTGS/DBT പ്രകാരം ബോട്ട് യാർഡ് ഉടമകളുടെ അക്കൗണ്ടിലേയ്ക്ക് നല്കുന്നതിനും ജില്ലാകളക്ടർമാർക്ക് അനുമതി നല്കി ഉത്തരവായിരുന്നു.

2) പ്രളയദുരന്തത്തിൽ രക്ഷാപ്രവർത്തനം നടത്തിയ 669 മത്സ്യബന്ധനയാനങ്ങളിൽ ഭൂരിഭാഗവും കേടുപാടുകൾ സംഭവിക്കുകയും 7 യാനങ്ങൾ പൂർണ്ണമായും നശിക്കുകയും ചെയ്തിട്ടുള്ളതായും ഇവർക്ക് മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യം പരിഗണിച്ച് പ്രസ്തുത യാനങ്ങൾ അടിയന്തിരമായി റിപ്പയർ ചെയ്ത് പ്രവർത്തന സജ്ജമാക്കുന്നതിന് ഫിഷറീസ് വകുപ്പ് ജില്ലാ ഓഫീസർമാർക്കും മത്സ്യഫെഡിനും ചുമതല നല്കിയതനുസരിച്ച് ഇതിനകം തന്നെ യാനമുടമകൾക്ക് സൗകര്യപ്രദമായ യാർഡുകളിലും മത്സ്യഫെഡിന്റെ എഞ്ചിൻ വർക്ക്ഷോപ്പുകളിലുമായി ഭൂരിഭാഗം യാനങ്ങളുടേയും റിപ്പയർ പ്രവൃത്തികൾ പൂർത്തിയാക്കുകയും ബാക്കിയുള്ളവയുടെ റിപ്പയർ നടന്നുവരികയുമാണെന്നും അടിയന്തിര സാഹചര്യം പരിഗണിച്ച് മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നും റിപ്പയർ ചെലവുകൾ വഹിച്ചു വരുകയാണെന്നും പരാമർശ കത്ത് പ്രകാരം ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3) പരാമർശ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം മത്സ്യഫെഡ് നേരിട്ട് റിപ്പയർ പ്രവൃത്തികൾ നിർവ്വഹിച്ചയിനത്തിൽ മത്സ്യഫെഡിന് തുക നല്കുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നതായും ആയതിനാൽ സ്വകാര്യ യാർഡുകളിലേയും എഞ്ചിൻ റിപ്പയർ സെന്ററുകളിലേയും റിപ്പയർ വർക്ക് നേരിട്ട് പൂർത്തിയാക്കിയവർക്ക് പ്രസ്തുത ഉത്തരവ് പ്രകാരവും മത്സ്യഫെഡിന്റെ നേതൃത്വത്തിൽ റിപ്പയർ വർക്ക് ഏർപ്പെടുത്തിയവരുടെ കാര്യത്തിൽ പ്രസ്തുത ചെലവിന്റെ ഇൻവോയിസ് സമർപ്പിക്കുന്ന മുറയ്ക്ക് അതനുസരിച്ചുള്ള റിപ്പയർ തുക മത്സ്യഫെഡിന്റെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് നമ്പർ STSB 701011400000250- ലേയ്ക്കും അനുവദിക്കുന്ന രീതിയിൽ സർക്കാർ ഉത്തരവ് നല്കണമെന്ന് ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫിഷറീസ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം സ്വകാര്യ യാർഡുകളിലേയും എഞ്ചിൻ റിപ്പയർ സെന്ററുകളിലേയും റിപ്പയർ വർക്ക് നേരിട്ട് പൂർത്തിയാക്കിയ കേസുകളിൽ പരാമർശ ഉത്തരവ് പ്രകാരവും മത്സ്യഫെഡിന്റെ നേതൃത്വത്തിൽ റിപ്പയർ

File No.DMA3/387/2018-DMD

വർക്ക് ഏർപ്പെടുത്തിയവരുടെ കാര്യത്തിൽ പ്രസ്തുത ചെലവിന്റെ ഇൻവോയിസ് സമർപ്പിക്കുന്ന മുറയ്ക്ക് അതനുസരിച്ചുള്ള റിപ്പയർ തുക മത്സ്യഫെഡിന്റെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് നമ്പർ STSB 70101140000250- ലേയ്ക്കും അനുവദിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് അനുമതി നല്കി ഉത്തരവാകുന്നു. ഇതിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമായ ചെലവ് തുക 2245-02-101-94- Flood - Other Items എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ.ഷൈലശ്രീ

അഡീഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാകളക്ടർമാർക്കും
ഫിഷറീസ് ഡയറക്ടർ, ഫിഷറീസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം
എല്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
എല്ലാ ഗവൺമെന്റ് സെക്രട്ടറിമാർക്കും
റവന്യൂ വകുപ്പ്
ഫിഷറീസ് വകുപ്പ്
ധനകാര്യ വകുപ്പ്
ആരോഗ്യ- കുടുംബക്ഷേമ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
പൊതു ഭരണ (എസ്.സി)വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഫിഷറീസ് വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
ദുരന്ത നിവാരണ (ബി) വകുപ്പ്
ദുരന്ത നിവാരണ (എ4) സീറ്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ